**നോർക്ക റൂട്ട്സ്**
**നോർക്ക സെന്റർ**
**തൈക്കാട്, തിരുവനന്തപുരം-695014**
**ഫോൺ:0471-2770500,ഫാക്സ്.0471-2326263**
വെബ്സൈറ്റ്.www.norkaroots.org.
ഇമെയിൽ. mail@norkaroots.org

26.10.2019

# വാർത്താക്കുറിപ്പ്

## നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് തുടക്കമായി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽക്കുന്നതിനുള്ള നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് തുടക്കമായി.

കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെയെത്തിയിട്ടുള്ള ഇ.സി.ആർ വിഭാഗത്തിൽപ്പെട്ട അവിദഗ്ധ തൊഴിലാളികൾ, ഡ്രൈവർമാർ, വീട്ടുജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട പ്രവാസി കേരളീയരുടെ മക്കൾക്കും നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട പ്രവാസികളുടെ മക്കൾക്കുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. തിരികെ വന്നിട്ടുള്ളവരുടെ വാർഷിക വരുമാനം പരിധി ഒരു ലക്ഷം രൂപയ്ക്ക് താഴെയായി നിശ്ചയിച്ചിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവർക്ക് നോർക്ക റൂട്ട്സിന്റെ ഇൻഷുറൻസ് കാർഡോ, ക്ഷേമനിധി ബോർഡ് അംഗത്വ കാർഡോ ഉണ്ടായിരിക്കണം.

ബിരുദാനന്തര ബിരുദ കോഴ്സുകൾ (ആർട്ട്സ്/സയൻസ് വിഷയങ്ങളിൽ), എം.ബി.ബി.എസ്സ്/ബി.ഡി.എസ്/ബി.എച്ച്.എം.എസ്സ്/ബി.എ.എം.സ്സ്/ബിഫാം/ ബി.എസ്.സി.നഴ്സിംഗ്/ബി.എസ്.സി.എം.എൽ.റ്റി./എൻജിനീയറിംഗ്/അഗ്രിക്കൾച്ചർ/ വെറ്റിനറി ബിരുദ കോഴ്സുകൾക്ക് 2019-20 അദ്ധ്യയന വർഷം ചേർന്ന വിദ്യാർത്ഥി കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

പഠിക്കുന്ന കോഴ്സുകൾക്കുവേണ്ട യോഗ്യത പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുക. ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരിൽ ബിരുദത്തിന് സയൻസ് വിഷയങ്ങൾക്ക് 75 ശതമാനത്തിന് മുകളിലും, ആർട്ട്സ് വിഷയങ്ങൾക്ക് 60 ശതമാനത്തിന് മുകളിലും മാർക്ക് കരസ്ഥമാക്കിയവർക്കായിരിക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അർഹത. പ്രൊഫഷണൽ ബിരുദ കോഴ്സിന് പഠിക്കുന്നവർ പ്ലസ്ടുവിന് 75 ശതമാനം മാർക്കിന് മുകളിൽ നേടിയിരിക്കണം. റഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളു. കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്കും അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കുമായിരിക്കും സ്കോളർഷിപ്പിന് അർഹത.

അപേക്ഷ ഫാറം നോർക്ക റൂട്ട്സിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.norkaroots.org ൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, 3-ാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം-695014 വിലാസത്തിൽ 2019 നവംബർ 30 നകം ലഭിക്കണം. വിശദവിവരങ്ങൾ നോർക്ക റൂട്ട്സ് ടോൾ ഫ്രീ നമ്പറായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ലഭിക്കും.

# നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി

## അപേക്ഷാഫാറം

*(അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിന് മുൻപ് നിബന്ധനകളും യോഗ്യതയും വായിച്ച് മനസിലാക്കുക)*

1. അപേക്ഷകന്റെ പേര് (പ്രവാസിയുടെ) ....................................................................................

2. പാസ്പോർട്ട് നമ്പർ ...................................................................................................

3. നോർക്ക തിരിച്ചറിയൽ കാർഡ് നമ്പർ ..........................................................................

4. പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വ നമ്പർ ..........................................................

5. വിദേശകാലയളവ് __/__/____ (DD/MM/YYYY) മുതൽ __/__/____ (DD/MM/YYYY) വരെ

*പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിക്കുക*

*(സ്ഥാപന മേധാവി സക്ഷ്യപെടുത്തേണ്ടാ*

6. ജോലി ചെയ്യുന്ന/ചെയതിരുന്ന രാജ്യം ............................................................................

7. വിഭാഗം ഇ.സി.ആർ ☐ ഇ.സി.എൻ.ആർ ☐

8. നിലവിൽ വിദേശത്ത് ജോലിചെയ്യുന്നുണ്ടോ ഉണ്ട് ☐ ഇല്ല ☐

9. വിദേശത്തെ തൊഴിൽ ........................................................................................................

10. തിരിച്ചുവന്ന വ്യക്തിയാണെങ്കിൽ, ഇപ്പോഴുള്ള വാർഷിക വരുമാനം ........................................

11. കേരളത്തിലെ സ്ഥിര മേൽവിലാസം ...................................................................................

.................................................................................................................................

12. മൊബൈൽ നമ്പർ ............................................................................................

13. സ്കോളർഷിപ്പ് അപേക്ഷിക്കുന്ന മകന്റെ/മകളുടെ പേര് ......................................................

14. മകന്റെ/മകളുടെ ജനനത്തിയതി & വയസ്സ് ........................................ദേശീയത .........

15. നിലവിൽ ചെയ്യുന്ന കോഴ്സ് റെഗുലർ ☐ കറസ്പോണ്ടൻസ് ☐

പ്രൊഫഷണൽ കോഴ്സുകൾ ☐ പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സുകൾ ☐

16. കോഴ്സിന്റെ പേര്..................................................................................................

17. കോഴ്സിന്റെ കാലാവധി..........................................................................................

18. പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും

..................................................................................................................

..............................................................................................................

19. യൂണിവേഴ്സിറ്റി ...................................................................................................

20. യോഗ്യതാ പരീക്ഷയിൽ ലഭിച്ചിട്ടുള്ള മാർക്ക്/ഗ്രേഡ് ...................................................

21. **വാർഷിക കോഴ്സ് ഫീസ്**

**………………………………………………………………………………………………..**

22. **ബാങ്ക് അക്കൗണ്ട് വിവരങ്ങൾ**

**അക്കൗണ്ട് ഉടമയുടെ പേര് (പാസ്ബുക്കിലേതു പോലെ)**

**………………………………………………..**

**അക്കൗണ്ട് നമ്പർ ……………………………………………………………………………….**

**ബാങ്കിന്റെ പേര് ……………………………………………………………………………**

**ശാഖ ……………………………………………… IFSC കോഡ് …………………………………….**

**സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം**

**ശ്രീ/ശ്രീമതി ………………………………………യുടെ മകൻ/മകൾ……………………………………………… . ഈ സ്ഥാപനത്തിൽ ……………………കോഴ്സിൽ …………… -ാം വർഷം പഠിച്ചുകൊണ്ടിരിക്കുയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.**

**സ്ഥലം (ഓഫീസ് സീൽ) സ്ഥാപന മേധാവിയുടെ ഒപ്പും സീലും**

**തിയതി**

**സത്യപ്രസ്താവന**

**മേൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ പൂർണ്ണവും സത്യസന്ധമാണന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.**

**സ്ഥലം**

**തിയതി** **അപേക്ഷന്റെ പേരും ഒപ്പും**

**കുറിപ്പ്**

**യോഗ്യതകൾ .**

1. കുറഞ്ഞത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തിട്ടുള്ള ഇ. സി. ആർ., കാറ്റഗറിയിൽ ഉൾപ്പെട്ട അവിദഗ്ധ തൊഴിലാളികൾ, ഹൗസ് ഡ്രൈവർമാർ, വീട്ടുജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട പ്രവാസി കേരളീയരുടെ കുട്ടികൾക്കും, നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മേൽപറഞ്ഞ കാറ്റഗറിയിൽപ്പെട്ട പ്രവാസികളുടെ കുട്ടി കൾക്കും ആണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.
2. മേൽ സൂചിപ്പിച്ച വിഭാഗത്തിൽപെട്ടവരിൽ തിരികെ വന്നിട്ടുള്ളതും, വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ പ്രവാസി മലയാളികളുടെ മക്കൾക്ക് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്.
3. പ്രവാസികളുടെ 2 മക്കൾക്ക് വരെ ഈ പദ്ധതിയിൻ കീഴിൽ സ്കോളർ ഷിപ്പ് ലഭിക്കുന്നതാണ്.
4. പോസ്റ്റ് ഗ്രാഡ്വേഷൻ കോഴ്സുകൾ (ആർട്ട് /സയൻസ് വിഷയങ്ങൾ), മെഡിക്കൽ എം.ബി.ബി.എസ്സ്, /ബിഡിഎസ്/ ബി.എച്ച്. എം. എസ്സ്/ ബിഎഎംസ്സ്, ബിഫാം, ബി.എസ്.സി നഴ്സിംഗ്, ബി. എസ്.സി എം.എൽ.റ്റി., എൻജിനീയ റിംഗ് ഡിഗ്രി., അഗ്രിക്കൾച്ചർ./വെറ്റിനറി എന്നി കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്ന വർക്കാണ് ഈ ആനു കൂല്യം ലഭിക്കുക.

നിബന്ധനകൾ

5. പഠിക്കുന്ന കോഴ്സിനുവേണ്ട യോഗ്യത പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുക.
6. തുല്യമായ മാർക്കോ ഗ്രേഡോ വരുന്ന പക്ഷം മുൻഗണന നിർണയിക്കാൻ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതായിരി ക്കും.
7. ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരിൽ ബിരുദത്തിന് സയൻസ് വിഷയങ്ങൾക്ക് 75 ശതമാനത്തിന് മുക ളിലും, ആർട്ട്സ് വിഷയങ്ങൾക്ക് 60 ശതമാനത്തിന് മുകളിലും മാർക്ക് കരസ്ഥമാക്കിയവർക്കായിരിക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അർഹത. പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്നവർ പ്ലസ്ടു വിന് 75 ശതമാനം മാർക്കിന് മുകളിൽ നേടിയവരായിരിക്കണം.
8. വിദേശത്ത് ജോലി ചെയ്യുന്നവർക്ക് നോർക്ക -റൂട്ട്സിന്റെ ഇൻഷ്വറൻസ് ഐ.ഡി. കാർഡോ, ക്ഷേമനിധി ബോർഡ് അംഗത്വ കാർഡോ ഉണ്ടായിരിക്കണം.

1. പോസ്റ്റ് ഗ്രാഡുവേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് ഒരു പ്രാവശ്യം മാത്രമാണ് സ്കോളർഷിപ്പിന് അർഹത.
2. റഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളു.
3. കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്കും അംഗീകൃത വിദ്യാഭ്യാസ സ്ഥപനങ്ങളിൽ പഠിക്കുന്നവർക്കും ആയിരിക്കും സ്കോളർഷിപ്പ് നൽകുന്നത്.
4. അപേക്ഷ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമായിരി ക്കും.

**<u>അപേക്ഷ സമർപ്പിക്കേണ്ട രീതി</u>**

- അപേക്ഷ നിർദ്ദിഷ്ട പ്രൊഫോർമയിൽ നോർക്ക റൂട്ട്സിൽ നേരിട്ടോ, ഇമെയിൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. (അപേക്ഷ ഫോം നോർക്ക -റൂട്ട്സിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.)
- അപേക്ഷയോടൊപ്പം യോഗ്യതാ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കേണ്ടതാണ്.

**<u>അപേക്ഷയോടൊപ്പം സമർപ്പിക്കെണ്ട രേഖകൾ</u>**

- പ്രവാസ കാലയളവ് തെളിയിക്കുന്ന പാസ്പോർട്ടിന്റെ പകർപ്പുകൾ
- വാർഷികവരുമാന സർട്ടിഫിക്കറ്റ് (തിരിച്ചു വന്ന പ്രവാസികൾക്ക് മാത്രം)
- അപേക്ഷകനുമായിട്ടുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- യോഗ്യതകോഴ്സിന്റെ സർട്ടിഫിക്കറ്റ്, മാർക്ക്ലിസ്റ്റുകൾ എന്നിവയുടെ ഗസ്റ്റഡ് ഉദ്യോഗസഥൻ സാക്ഷ്യ പ്പെടുത്തിയ പകർപ്പുകൾ
- ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്.(IFSC Code ഉൾപ്പെടെ).
- നോർക്ക-റൂട്ട്സ് ഇൻഷുറൻസ് ഐ.ഡി. കാർഡ്/ക്ഷേമനിധി ബോർഡ് അംഗത്വ കാർഡിന്റെ പകർപ്പ്.